# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

*2014 ജൂലൈ 10, വ്യാഴം*

വാല്യം 156] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 22

നിയമസഭ 2014 ജൂലൈ മാസം 10-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ *631

**ഐ.ടി.ഐ.കളെ ഉൽകൃഷ്ട സ്ഥാപനങ്ങളാക്കാൻ പദ്ധതി**

1 (*631) ശ്രീ. കെ. ദാസൻ:
ശ്രീ. എം. ചന്ദ്രൻ :
ഡോ. കെ. ടി. ജലീൽ:
ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഐ.ടി.ഐ.കളെ ഉൽകൃഷ്ട സ്ഥാപനങ്ങളായി ഉയർത്താനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ ;

(ബി) പദ്ധതിയുടെ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്രയാണെന്ന് അറിയിക്കാമോ ;

(സി) സംസ്ഥാനം ഇതിനായി നീക്കിവച്ച തുകയെത്രയാണ്; സംസ്ഥാന വിഹിതം വകയിരുത്താത്തതിനാൽ പദ്ധതി പ്രാവർത്തികമാക്കാൻ സാധിക്കുന്നില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ?



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ,

(എ) ഉണ്ട്. സംസ്ഥാനത്ത് 5 ഐ.ടി.ഐ. കളെ കേന്ദ്ര സഹായത്തോടെയുള്ള 'ഡൊമസ്റ്റിക് ഫണ്ടിംഗ്' പ്രകാരവും, 7 ഐ.ടി.ഐ.കളെ ലോകബാങ്ക് സഹായത്തോടെയും, 26 ഐ.ടി.ഐ.കളെ പി.പി.പി. പദ്ധതി പ്രകാരവും ഉൽകൃഷ്ട സ്ഥാപനങ്ങളായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഡൊമസ്റ്റിക് ഫണ്ടിംഗ് പൂർണ്ണമായും ഒരു കേന്ദ്ര സഹായ പദ്ധതിയാണ്. ലോകബാങ്ക് സഹായത്തോടെയുള്ള പദ്ധതിയിൽ കേന്ദ്ര വിഹിതം 75 ശതമാനവും സംസ്ഥാന വിഹിതം 25 ശതമാനവുമാണ്. പി.പി.പി. പദ്ധതിയിൽ ഓരോ ഐ.ടി.ഐ.-ക്കും 2.5 കോടി രൂപ വീതം പലിശരഹിത വായ്പയായി കേന്ദ്രസർക്കാർ നൽകിയിട്ടുണ്ട്.

(സി) സംസ്ഥാന വിഹിതമായി 8.48 കോടി രൂപ ഇതുവരെ ലോകബാങ്ക് പദ്ധതി നടത്തിപ്പിനായി വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ കാലാവധി 2014 നവംബർ 30 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഐ.ടി.ഐ-കളിലെ പരിഷ്കരിച്ച സിലബസ് പ്രകാരം ഇൻസ്ട്രക്ടർമാരുടെ യോഗ്യതയിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് അതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റൂൾ പരിഷ്കരിക്കുകയോ എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരം മാറ്റം വരുത്തുകയോ ചെയ്യാത്ത ഒരു സാഹചര്യമാണ് ഇപ്പോഴുള്ളത്. അതുകൊണ്ട് പുതിയ ഒഴിവുകളിൽ നിയമനം നടത്തണമെങ്കിൽ സ്പെഷ്യൽ റൂളിൽ മാറ്റം വരുത്തണമെന്നാണ് പറയുന്നത്. മാത്രമല്ല, ഏറ്റവും കൂടുതൽ വർക്ക്ലോഡുള്ളവരാണ് ഐ.ടി.ഐ-കളിലെ ഇൻസ്ട്രക്ടർമാർ. അവർ ഒരുവർഷത്തിൽ ചുരുങ്ങിയത് ഇരുനൂറ്റിയൻപത് ദിവസംവരെ ജോലി ചെയ്യാൻ നിർബന്ധിതരാവുകയാണ്. അവരുടെ യോഗ്യതാമാറ്റവും അമിതമായ ജോലിഭാരവും അവർക്കുണ്ടാകുന്ന വർക്ക്ലോഡുമെല്ലാം പരിഗണിച്ചുകൊണ്ട് അവരുടെ വേതനത്തിൽ മാറ്റംവരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ ഒരു വിധിയുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. ഷിബു ബേബി ജോൺ: സർ, ഇവരുടെ യോഗ്യതകളും മറ്റു കാര്യങ്ങളുമൊക്കെ നിഷ്കർഷിച്ചിരിക്കുന്നത് കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഡി.ജി.ഇ. ആന്റ് റ്റി. (ഡയറക്ടറേറ്റ് ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്) ആണ്. അതിനനുസൃതമായാണ് ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. അമിതമായ വർക്ക്ലോഡുള്ളതായി ബോധ്യപ്പെട്ടിട്ടില്ല. ബാക്കിയുള്ള എല്ലാവിഭാഗം ജീവനക്കാരെപ്പോലെ അവരും ജോലികൾ കൃത്യമായി ചെയ്യുന്നുണ്ട്. അതുകൊണ്ട് ഇപ്പോൾ പ്രത്യേകമായ ഒരു ശമ്പള വർദ്ധനവ് പരിഗണനയിലില്ല.

ശ്രീ. റ്റി. വി. രാജേഷ്: സർ, വിവിധ ഐ.ടി.ഐ.-കൾ, പി.പി.പി.-യുടെ ഭാഗമായി വികസിപ്പിക്കുന്നുവെന്ന് പറഞ്ഞു. കേരളത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത ഒൻപതോളം ഐ.ടി.ഐ-കൾ ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ ഐ.ടി.ഐ.-കൾ അടച്ചുപൂട്ടാൻ തീരുമാനിക്കുകയും പിന്നീട് ആ തീരുമാനം മരവിപ്പിക്കുകയുമാണ് ചെയ്തത്. കെട്ടിടമില്ലാത്ത ഐ.ടി.ഐ.-കൾക്ക് മുഴുവൻ കെട്ടിടം കണ്ടെത്താനും അവർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കാനും എന്തൊക്കെ നടപടികളാണ് സർക്കാർ പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. ഷിബു ബേബി ജോൺ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ഏകദേശം 39-ഓളം പുതിയ ഐ.ടി.ഐ. കൾ ആരംഭിച്ചത്. ഐ.ടി.ഐ.-കൾ തുടങ്ങുന്നതിന് ത്രിതല പഞ്ചായത്തുകൾ സ്ഥലവും കെട്ടിടവും കൊടുക്കാമെന്ന എഗ്രിമെന്റിന്മേലാണ് കഴിഞ്ഞ ഗവൺമെന്റ് ഇത് അനുവദിച്ചത്. നിർഭാഗ്യവശാൽ ഈ കരാറിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക സംവിധാനത്തിൽ ഐ.ടി.ഐ.-കൾ തുടങ്ങുകയും, ഒരെണ്ണത്തിനുപോലും പ്രവർത്തിക്കാൻ വേണ്ട സ്ഥലം കിട്ടാത്ത ഒരു സാഹചര്യവുമാണ് ഉണ്ടായത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 4 ഐ.ടി.ഐ. കൾക്ക് മാത്രമേ സ്ഥലം കിട്ടിയിരുന്നുള്ളൂ. അത് വർദ്ധിച്ച് 13 സ്ഥാപനങ്ങൾക്കുള്ള സ്ഥലം ലഭ്യമായിട്ടുണ്ട്. ബാക്കി 26 എണ്ണത്തിന് പ്രവർത്തിക്കാനുള്ള സ്ഥലം ഐ.ടി.ഐ ഡിപ്പാർട്ട്മെന്റിന് ലഭിച്ചിട്ടില്ല. അതിൽ 9 ഐ.ടി.ഐ.കൾക്ക് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള യാതൊരു നടപടിയും ഗ്രാമപഞ്ചായത്തുകൾ കൈക്കൊണ്ടിട്ടില്ല. അതുകൊണ്ടാണ് ഈ വർഷം അഡ്മിഷൻ നടത്തേണ്ട എന്ന് തീരുമാനിച്ചത്. എന്നാൽ എം.എൽ.എ.മാർ എല്ലാപേരും കൂടി അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ആ തീരുമാനം മരവിപ്പിച്ചു. ഇങ്ങനെ ഈ വിദ്യാഭ്യാസ മേഖലയുടെ നിലവാരം തകർത്തുകൊണ്ട് മുന്നോട്ടുപോകുന്നതിൽ യാതൊരു കാര്യവുമില്ല. അതുകൊണ്ടാണ് അങ്ങനെയൊരു തീരുമാനം എടുത്തത്. ഗ്രാമപഞ്ചായത്തുകളാണ് ഇതിനുവേണ്ട ധനവും കെട്ടിടങ്ങളും നൽകേണ്ടത്. ഇത് ചെയ്തതും എഗ്രിമെന്റ് പ്രകാരം തന്നെയാണ്. സ്ഥലം കിട്ടുന്നിടത്ത് അസറ്റ് ഡെവലപ്മെന്റ് ഫണ്ടും ഗവൺമെന്റിന്റെ കോൺട്രിബ്യൂഷനും കൂടി ചേർത്തുകൊണ്ട് കെട്ടിടം പണിയാനുള്ള ശ്രമത്തിലാണ് ഇപ്പോൾ ഗവൺമെന്റ് ഏർപ്പെട്ടിരിക്കുന്നത്.

ശ്രീ. എ. എം. ആരിഫ്: സർ, അനുദിനം മാറിക്കൊണ്ടിരിക്കുന്ന ടെക്നോളജിക്കനുസൃതമായി സ്കിൽഡ് ലേബറേഴ്സിനെ ലഭിക്കുന്നില്ലെന്നുള്ളതാണ് തൊഴിൽ സംരംഭകരുടെ മുഖ്യമായ പരാതി. മുൻപ് ഐ.ടി.ഐ.കളിൽ നിന്ന് പഠിച്ചിറങ്ങുന്നവർക്ക് ലഭിച്ച ട്രെയിനിംഗ് പ്രകാരം, നിലവിലെ ആധുനിക സംവിധാനമനുസരിച്ചുള്ള തൊഴിൽ ചെയ്യാനുള്ള വൈദഗ്ദ്ധ്യമില്ല. അത്തരം സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള ആളുകളെ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തന പരിധിയിൽ അപ്ഡേറ്റ് ചെയ്താൽ മാത്രമേ അവർക്ക് തൊഴിൽ ലഭിക്കുവാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

Page 4 of 9

സാധ്യതകൾ ഉണ്ടാകുകയുള്ളൂ. ആ സാധ്യതകൾ എങ്ങനെ ഉപയോഗപ്പെടുത്താൻ കഴിയുമെന്നത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ? മറ്റൊരു പ്രധാന പ്രശ്നം, ഇപ്പോൾ നമ്മൾ ഒരു പോർട്ടൽ തുടങ്ങിയിട്ടുണ്ട് - skilljobs.kerala.gov.in. ഇതാണ്. വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുള്ള തൊഴിലവസരങ്ങൾ കൂടുതലായും സ്വകാര്യ സ്ഥാപനങ്ങളിലാണ് ലഭിക്കുന്നത്. എന്നാൽ skilljobs.kerala.gov.in. എന്ന പോർട്ടൽ ഇപ്പോൾ ശരിയായി പ്രവർത്തിക്കുന്നില്ല. ആ പോർട്ടലിൽ തൊഴിൽ സംരംഭകർ അവരുടെ ആവശ്യം അപ്‌ലോഡ് ചെയ്യാത്തതുകൊണ്ട് തൊഴിൽ അന്വേഷകരും ഇതുമായി ബന്ധപ്പെടുന്നില്ല. അങ്ങയുടെ വകുപ്പിന്റെ കീഴിലുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്‌വഴി ഈ പോർട്ടൽ സജീവമാക്കിക്കഴിഞ്ഞാൽ ധാരാളം പേർക്ക് തൊഴിൽ ലഭിക്കാനുള്ള സാധ്യതകളുണ്ടാകും. അതിനാൽ അങ്ങനെ ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, രണ്ട് ചോദ്യങ്ങളാണ് ഇവിടെ ഉന്നയിച്ചത്. Kerala Academy for Skills Excellence (K.A.S.E) എന്ന സ്ഥാപനംതന്നെ ഇതിന്റെ ഗ്യാപ് ബ്രിഡ്ജ് ചെയ്യാനുള്ളതാണ്. അടുത്ത പത്തിരുപത് വർഷംകൊണ്ട് എംപ്ലോയ്മെന്റ് പ്രൊവൈഡ് ചെയ്യുന്ന സെക്ടേഴ്സിനെ കണ്ടെത്തി അതിന്റെ സ്കിൽ ഡെവലപ്മെന്റിനുള്ള പ്രോഗ്രാം ഫൈനലൈസ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. മൂന്നുമാസത്തിനകം ഒരു ഇന്റർനാഷണൽ സ്കിൽ സിറ്റി എന്നുള്ള നിലയിലേക്ക് ഒരു ഇന്റർനാഷണൽ നിലവാരത്തിൽ തന്നെ ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. രണ്ടാമതായി, ഇങ്ങനെയൊരു ജോബ് പോർട്ടൽ ആരംഭിച്ചുവെങ്കിലും നമ്മുടേതായിട്ടുള്ള പരിമിതികൾകൊണ്ട് നമ്മൾ ആഗ്രഹിച്ച നിലയിൽ അത് പ്രവർത്തിക്കുന്നില്ലായെന്ന് കണ്ടതുകൊണ്ട് അത് പ്രൊഫഷണലായി മാനേജ് ചെയ്ത് വളരെ ഇന്ററാക്ടീവ് ആക്കി മാറ്റാനുള്ള തീരുമാനമെടുത്തു കഴിഞ്ഞു. വരും ദിവസങ്ങളിൽ അതിന്റെ ഇംപ്ലിമെന്റേഷൻ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. ആർ. രാജേഷ്: സർ, ഒരുവർഷം കേരളത്തിലെ ഐ.ടി.ഐ. കളിൽ നിന്നും ഏതാണ്ട് 9000-ത്തോളം കുട്ടികൾ അദ്ധ്യയനം കഴിഞ്ഞ് പുറത്തിറങ്ങുന്നുവെന്നാണ് കണക്ക്. കോഴ്സ് കഴിഞ്ഞ് പുറത്തിറങ്ങുന്നുവെന്നല്ലാതെ ഒരു തൊഴിൽ ലഭ്യമാകുന്നതിനുള്ള സൗകര്യം ഇന്ന് കേരളത്തിലില്ല. നമ്മുടെ ഐ.ടി.ഐ.കളിൽ പ്ലെയ്സ്മെന്റ് സെല്ലുകൾ നിലവിലുണ്ടോ? ഇല്ലെങ്കിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? ഐ.ടി.ഐ. കളിലെ പല കോഴ്സുകൾക്കും പി.എസ്.സി.യുടെ അംഗീകാരമില്ല. ഉദാഹരണത്തിന് എസ്.സി.വി.റ്റി സ്കീമിലുള്ള ആർകിടെക്ച്വറൽ അസിസ്റ്റന്റ്, ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ അടക്കമുള്ള ഒരുവർഷം ദൈർഘ്യമുള്ള കോഴ്സുകൾ പഠിച്ച് പുറത്തിറങ്ങുന്ന കുട്ടികൾക്ക് പി.എസ്.സി. പരീക്ഷ എഴുതുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. പ്ലെയ്സ്മെന്റ് സെല്ലിനെക്കുറിച്ചും ഇത്തരം കോഴ്സുകൾക്ക് പി.എസ്.സി അംഗീകാരം ലഭ്യമാക്കുന്നതിനെക്കുറിച്ചുമുള്ള ശ്രദ്ധ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഷിബു ബേബി ജോൺ: സർ, പ്ലേയ്സ്മെന്റ് സെൽ പ്രവർത്തിക്കുന്നുണ്ട്. എല്ലാവർഷവും കൃത്യമായി ജോബ് ഫെയർ സംഘടിപ്പിക്കുകയും പ്ലേയ്സ്മെന്റ് കൊടുക്കുകയും ചെയ്യുന്നുണ്ട്. ഐ.ടി.ഐ.-യിൽ പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് കേരളത്തിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള സാധ്യതകൾ പരിമിതമാണെങ്കിലും അവർക്ക് തൊഴിൽ ചെയ്യാൻ താല്പര്യമുണ്ടെങ്കിൽ തൊഴിലവസരങ്ങൾ ധാരാളമുണ്ട്. സ്കിൽഡായിട്ടുള്ള ആൾക്കാരെ കിട്ടുന്നില്ലെന്നുള്ള പരാതി മാത്രമേയുള്ളൂ. അതുകൊണ്ട് തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനുള്ള എംപ്ലോയ്മെന്റ് പ്ലേയ്സ്മെന്റ് സെല്ലുകൾ കാര്യക്ഷമമായിത്തന്നെ പ്രവർത്തിക്കുന്നുണ്ട്. തൊഴിൽ സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് എസ്.സി.വി.റ്റി. നിരവധി കോഴ്സുകൾ നടത്തുന്നുണ്ട്. പക്ഷെ പലതിലും തൊഴിൽ ലഭിക്കുന്നില്ലായെന്നുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിൽ ലഭിക്കാൻ സാധ്യതയില്ലാത്ത കോഴ്സുകളെല്ലാം നിർത്തലാക്കാൻ തന്നെയാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്.

മി. സ്പീക്കർ: സപ്ലിമെന്ററി ക്വസ്റ്റ്യൻ ചോദിക്കുമ്പോൾ മന്ത്രിമാർ രണ്ടാമത്തെയും മൂന്നാമത്തെയും ചോദ്യമെന്ന് പറഞ്ഞ് അവരെ അങ്ങോട്ട് പ്രോൽസാഹിപ്പിക്കേണ്ട കാര്യമില്ല.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, തൃശ്ശൂരിലുള്ള മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് യുദ്ധകാലത്ത് മിലിട്ടറിക്കാർക്ക് പരിശീലനം കൊടുക്കുവാൻ വേണ്ടി രൂപീകരിച്ച ഒരു സ്ഥാപനമാണ്. ശതാബ്ദി ആഘോഷിച്ച ഇൻസ്റ്റിറ്റ്യൂട്ട് ആണ്. ആ ഇൻസ്റ്റിറ്റ്യൂട്ട് അപ്ഗ്രേഡ് ചെയ്യാനുള്ള നടപടികൾ കൈക്കൊള്ളുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, അത് പരിശോധിക്കാവുന്നതാണ്.

ശ്രീ. പി. റ്റി. എ. റഹീം: സർ, 9 ഐ.ടി.ഐ. -കൾക്ക് സ്ഥലം കിട്ടിയിട്ടില്ലായെന്നും സ്ഥലം ലഭ്യമാക്കാൻ ഒരുവർഷത്തെ സമയംകൂടി അനുവദിച്ച് കൊടുക്കണമെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്. ഇങ്ങനെ സ്ഥലം ലഭിക്കാത്ത ഐ.ടി.ഐ.കൾ മുൻകൂറായി സ്ഥലം കിട്ടുന്നിടത്തേക്ക് മാറ്റാൻ സാധിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, എം.എൽ.എ.മാർ സ്ഥലം വിട്ടുകൊടുക്കാൻ തയ്യാറാണെങ്കിൽ എങ്ങോട്ട് വേണമെങ്കിലും ഐ.ടി.ഐ.കൾ മാറ്റാൻ ഗവൺമെന്റ് തയ്യാറാണ്. ഇത് നിർത്തലാക്കേണ്ടി വരുമ്പോൾ എം.എൽ.എ.മാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാനാണ് മൂന്നാം വർഷവും എക്സ്റ്റന്റ് ചെയ്ത് കൊടുത്തുകൊണ്ടിരിക്കുന്നത്. വരുംവർഷങ്ങളിൽ 39 എണ്ണത്തിനും സ്ഥലസൗകര്യം ആയിക്കഴിഞ്ഞാൽ പുതിയ ഐ.ടി.ഐ. കൾ അനുവദിക്കാമെന്നാണ് ഗവൺമെന്റ് ആലോചിച്ചിരുന്നത്. ഇപ്പോൾ ഏകദേശം അതിന്റെയടുത്ത് എത്തിയതുകൊണ്ട് വരുംവർഷങ്ങളിൽ പുതിയ ഐ.ടി.ഐ. കൾ ആരംഭിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി പരിഗണിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഐ.ടി.ഐ.കളെ ഉത്കൃഷ്ട സ്ഥാപനങ്ങളാക്കി മാറ്റാനുള്ള നീക്കം എന്തുകൊണ്ടും സ്വാഗതാർഹമാണ്. എന്റെ നിയോജകമണ്ഡലത്തിലെ ചെറിയമുണ്ടം ഗവൺമെന്റ് ഐ.ടി.ഐ. 9 ഉത്കൃഷ്ട സ്ഥാപനങ്ങളിൽപ്പെട്ട ഒന്നായിരുന്നു. അതിന് ഇപ്പോൾ പഞ്ചായത്തിൽ 3 ഏക്കർ സ്ഥലം ലഭ്യമാക്കിക്കഴിഞ്ഞു. നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ചു. എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടുകൂടി കെട്ടിട നിർമ്മാണത്തിന് നീക്കിവയ്ക്കുകയാണെങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കാനുള്ള സർക്കാർ സഹായം അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകുമോ; അതോടൊപ്പംതന്നെ മെക്കാനിക്കൽ സെക്ഷനിൽ പഠിക്കുന്ന കുട്ടികൾക്കു മാത്രമായി പോഷകാഹാരം നൽകുന്ന ഒരു സ്കീം ഇപ്പോൾ ഐ.ടി.ഐ.യിലുണ്ട്. അത് വലിയൊരു അന്തരമാണ്, കാരണം ഒരേ വിദ്യാലയത്തിൽ പഠിക്കുന്ന ഒരു വിഭാഗത്തിനുമാത്രം പോഷകാഹാരം കൊടുക്കുന്ന ഒരു സംവിധാനം, എല്ലാവർക്കും നൽകുന്ന രീതിയിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, പോഷകാഹാര പദ്ധതി എല്ലാവർക്കുമായി വ്യാപിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. അതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. പരീക്ഷണാർത്ഥം കഴിഞ്ഞ വർഷം ഒരു വിഭാഗത്തിനായി തുടങ്ങിയതിപ്പോൾ എല്ലാ കുട്ടികൾക്കും കൊടുക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഐ.ടി.ഐ.യുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് പറയുമ്പോൾ, അതിന്റെ പ്രൊസിഡ്യുവർ അനുസരിച്ച്, പ്ലാൻ വൈറ്റപ്പിൽ വന്ന്, അതിനുള്ള ഫണ്ട് ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റിൽ ലഭ്യമായാൽ മാത്രമേ എല്ലാ ഐ.ടി.ഐ.യ്ക്കും ഫണ്ട് നൽകാൻ സാധിക്കുകയുള്ളൂ. അതിന് വളരെയധികം പരിമിതികളുണ്ട്. കാരണം, 39 ഐ.ടി.ഐ.കളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് എന്തായാലും ഒരുമിച്ച് ഒന്നോ രണ്ടോ വർഷംകൊണ്ട് ലഭിക്കാൻ സാധ്യതയില്ല. എങ്കിലും പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാവുന്ന സഹായങ്ങളെല്ലാം ചെയ്യുന്നതാണ്.

ശ്രീമതി ഗീതാ ഗോപി: സർ, എന്റെ മണ്ഡലത്തിൽ താൽക്കാലികമായി പ്രവർത്തിക്കുന്ന ഐ.ടി.ഐ.-ക്ക് ഇപ്പോൾ പുതിയതായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. അന്തിക്കാട് ബ്ലോക്കിൽ 64 സെന്റ് ഭൂമിയും മറ്റൊരു 36 സെന്റ് ഭൂമിയുമുൾപ്പെടെ ഒരേക്കർ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത്. 64 സെന്റ് ഭൂമിയുടെ റിക്കോർഡ്സും ബി.ഡി.ഒ.യുടെ സർവ്വേ റിപ്പോർട്ടും അവിടത്തെ ബോർഡ് കമ്മിറ്റിയുടെ റിപ്പോർട്ടുമടക്കം അന്തിക്കാട് ബ്ലോക്ക് ഗ്രാമവികസന വകുപ്പിലേക്ക് അയച്ചിട്ട് നാലരമാസം കഴിഞ്ഞു. ഇത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുവാൻ അങ്ങയുടെ വകുപ്പ് തയ്യാറാകുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് ഇതിലൊന്നും ചെയ്യാനില്ല. ഗ്രാമവികസന വകുപ്പുമായി ബന്ധപ്പെട്ട് ഇതിന്റെ ട്രാൻസ്ഫർ നടപടികൾ സ്പീഡ് അപ് ചെയ്യുന്ന കാര്യം കൂട്ടായി പരിശോധിക്കാം.

ശ്രീ. സി. എഫ്. തോമസ്: സർ, കുറെ ഐ.ടി.ഐ.കളെ ഉൽകൃഷ്ട സ്ഥാപനങ്ങളാക്കി ഉയർത്താനുള്ള ഫണ്ട് മാറ്റിവച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ വിഹിതവും ലഭിച്ചിട്ടുണ്ട്. അല്ലാതെയുള്ള ഐ.ടി.ഐ.കളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എല്ലാവർഷവും എന്തെങ്കിലും ഫണ്ട് നൽകാറുണ്ടോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, മോഡേണൈസേഷന് ഫണ്ട് നൽകുന്നതുകൂടാതെ ഐ.ടി.ഐ.കളുടെ മെഷിനറി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള ഫണ്ടും നൽകാറുണ്ട്. അതെല്ലാവർഷവും കൊടുത്തുകൊണ്ടിരിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത്, കേരളത്തിലുണ്ടായിരുന്ന 34 ഐ.ടി.ഐ.കളെയും ഇന്റർനാഷണൽ സ്റ്റാൻഡേർഡിലേക്ക് മാറ്റാനായുണ്ടാക്കിയ സ്പെഷ്യൽ പ്രോഗ്രാം പ്രകാരമാണ് ഫണ്ട് നൽകുന്നത്.

ശ്രീ. രാജു എബ്രഹാം: സർ, കാലഹരണപ്പെട്ട കോഴ്സുകൾ നിർത്തലാക്കുന്നുവെന്ന് അങ്ങ് പറഞ്ഞു. ആധുനികമായ ഏതൊക്കെ കോഴ്സുകളാണ് ഐ.ടി.ഐ.കളിൽ ആരംഭിക്കാൻ പോകുന്നത്; അതോടൊപ്പം, ഞങ്ങൾ സ്ഥലം തന്നിട്ടുണ്ട്. കൂടുതൽ കേന്ദ്ര ഫണ്ട് ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, കേന്ദ്രത്തിൽ ഇപ്പോൾ പുതിയ പ്രോപ്പോസലില്ല. വേൾഡ് ബാങ്കിന്റെ ഫണ്ടിംഗ് ഇപ്പോൾ അവസാനിക്കുകയാണ്. മാത്രമല്ല ഇവിടെ പ്രധാനപ്പെട്ട ഒരു ചോദ്യമായി കോഴ്സുകളെക്കുറിച്ച് ചോദിച്ചു. നമുക്ക് സ്വന്തമായി കോഴ്സ് ഇല്ല. ഡി.ജി.ഇ.റ്റി.-യുടെ കോഴ്സുകളാണ് നമ്മൾ നടത്തുന്നത്. എസ്.സി.വി.റ്റി. ആവിഷ്കരിക്കുന്ന കോഴ്സുകൾ അംഗീകരിക്കുന്നുണ്ടെങ്കിലും അതിന് വലിയ വാല്യുവില്ല. എസ്.സി.വി.റ്റി സർട്ടിഫിക്കറ്റ് മാത്രമേയുള്ളൂ. ഐ.ടി.ഐ.കളുടെ നിലവാരം ഇന്റർനാഷണൽ ലെവലിലേക്ക് എത്തിക്കണമെന്നുപറയുമ്പോൾ എന്താണ് ഇന്റർനാഷണൽ ലെവൽ എന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. അതിനെക്കുറിച്ച് നമുക്കിപ്പോഴുള്ള കാഴ്ചപ്പാട് ശരിയല്ലെന്നുള്ളതാണ് ഐ.ടി.ഐ. വിദ്യാഭ്യാസത്തിന്റെ പോരായ്മ. ഞാൻ സിംഗപ്പൂരിൽ പോയപ്പോൾ അവിടത്തെ ഐ.ടി.ഐ.കൾ സന്ദർശിച്ചു. കേരളത്തിലെ ഒരു എഞ്ചിനീയറിംഗ് കോളേജുകളിലും അവിടെയുണ്ടായിരുന്നതുപോലുള്ള ഫെസിലിറ്റീസ് ഞാൻ കണ്ടിട്ടില്ല. അതാണ് ഇന്റർനാഷണൽ സ്റ്റാൻഡേർഡ് എന്നുപറയുന്നത്. ഇപ്പോൾ 34 ഐ.ടി.ഐ.കൾ ഈ ലെവലിലേക്ക് വന്നുവെന്നുപറഞ്ഞാലും ഒരു ചെറിയ മാറ്റം വന്നുവെന്നല്ലാതെ ഇന്റർനാഷണൽ സ്റ്റാൻഡേർഡിലേക്കായിട്ടില്ലായെന്നുള്ളത് സമ്മതിക്കുന്നു. അതുകൊണ്ട് കോഴ്സിന്റെ കാര്യം കേന്ദ്ര ഗവൺമെന്റുമായി ടേക് അപ് ചെയ്ത് എങ്ങനെ ഇതിൽ മാറ്റം വരുത്താമെന്നതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ചെങ്ങന്നൂർ ഐ.ടി.ഐ. മികവിന്റെ കേന്ദ്രമായി ഉയർത്തപ്പെട്ട ഐ.ടി.ഐ. ആണ്. അവിടെ കൽക്കട്ടയിലെയും ചെന്നൈയിലെയും മോഡലിൽ വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ യു.പി.എ. സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടായിരുന്നു. അതിനാവശ്യമായ സ്ഥലവും ലഭ്യമാണ്. അതിന്റെ തുടർനടപടികളെക്കുറിച്ച് വിശദമാക്കാമോ; ആ ഐ.ടി.ഐ. നികരിന്റെ കേന്ദ്രമാണെങ്കിലും, പുതിയ കെട്ടിടങ്ങളും കോഴ്സുകളും വന്നെങ്കിലും പഴയ സൗകര്യങ്ങൾ മാത്രമാണുള്ളത്, ആ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ഇൻസ്റ്റിറ്റ്യൂട്ടിന്റെകാര്യം പരിശോധിച്ചിട്ട് പറയാവുന്നതാണ്. ഞാൻ നേരത്തെ പറഞ്ഞതുതന്നെയാണ് ഇതിനുള്ള മറുപടി. നമ്മൾ കുറച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചുവെന്നല്ലാതെ ഒരു ഇന്റർനാഷണൽ സ്റ്റാൻഡേർഡ് ഡിസൈൻ ചെയ്യുകയോ അതിലേക്ക് നമുക്കെത്താനോ സാധിച്ചിട്ടില്ല. അതിന് ഏറെ ദൂരം സഞ്ചരിക്കേണ്ടതുണ്ട്. തീർച്ചയായും ഈ വർഷംതന്നെ കോഴിക്കോട് വനിതാ ഐ.ടി.ഐ.യും തിരുവനന്തപുരം ചാക്ക ഐ.ടി.ഐ.യും ട്രൂലി ഇന്റർനാഷണൽ സ്റ്റാൻഡേർഡ്സിലേക്ക് മാറ്റാനുള്ള പരിശ്രമങ്ങൾക്ക് തുടക്കം കുറിക്കുകയാണ്. അതിനുള്ള കൺസൾട്ടന്റ്സിനെ കണ്ടെത്തേണ്ടതുണ്ട്. ഇന്റർനാഷണൽ സ്റ്റാൻഡേർഡ്സ് ഡിസൈൻ ചെയ്യാനുള്ള കൺസൾട്ടന്റ്സ് ആരുണ്ട് എന്നുള്ളത് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. അത് വിജയകരമാകുമെങ്കിൽ കേരളത്തിലെ എല്ലാ ഐ.ടി.ഐ.കളും ആ തരത്തിലേക്ക് മാറ്റണമെന്നുതന്നെയാണ് ഉദ്ദേശിക്കുന്നത്. ചെങ്ങന്നൂർ ഐ.ടി.ഐ.യുടെ കാര്യം തീർച്ചയായും പരിഗണിക്കാം.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, 2009-ൽ അന്ന് മന്ത്രിയായിരുന്ന ശ്രീ. പി. കെ. ഗുരുദാസൻ എന്റെ മണ്ഡലത്തിൽ ഒരു ഐ.ടി.ഐ. അനുവദിക്കുകയുണ്ടായി. ഐ.ടി.ഐ.യ്ക്ക് സ്വന്തമായി സ്ഥലം ദേശമംഗലം ഗ്രാമപഞ്ചായത്ത് വാങ്ങി നൽകുകയും 3 കോടി രൂപ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അനുവദിക്കുകയും ചെയ്തു. എന്നാൽ, ഇപ്പോൾ പണി തുടങ്ങിയെങ്കിലും പൂർത്തീകരിക്കാൻ കഴിയുന്നില്ല. ഇപ്പോൾ ഒരു ചെറിയ കെട്ടിടത്തിലാണ് ആ ഐ.ടി.ഐ. പ്രവർത്തിക്കുന്നത്. കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്നതിനുള്ള ഫണ്ട് കൊടുക്കുന്നില്ല. ഐ.ടി.ഐ.കളുടെ പണി പൂർത്തീകരിക്കാൻ എത്രയും പെട്ടെന്ന് ഫണ്ട് കൊടുത്ത് ഇപ്പോൾ അനാഥമായി കിടക്കുന്ന സ്ഥിതി മാറ്റാനുള്ള നിലപാട് സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, അത് ഏത് ഹെഡ്ഡിലാണ് വരുന്നതെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ക്യാപ്പിറ്റൽ ഹെഡ്ഡിലാണെങ്കിൽ ആ തുക പി.ഡബ്ല്യു.ഡി. ഹെഡ്ഡിലേക്ക് പോയിട്ടുണ്ടാകും. പി.ഡബ്ല്യു.ഡി.യിൽ നിന്നാണ് ഫണ്ട് റിലീസ് ചെയ്യേണ്ടത്. ഐ.ടി.ഐ. - ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നുള്ള എന്തെങ്കിലും പോരായ്മയാണെങ്കിൽ അത് തീർച്ചയായും പരിഹരിക്കാം. ബഹുമാനപ്പെട്ട മെമ്പർ എന്റെ ശ്രദ്ധയിൽപ്പെടുത്തിയ ഇക്കാര്യം തീർച്ചയായും പരിശോധിച്ച് ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റിന് ചെയ്യാൻ കഴിയുന്ന കാര്യം ചെയ്യുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.കളെപ്പോലെതന്നെ പട്ടികജാതി വകുപ്പിന്റെ കീഴിൽ ചില ഐ.ടി.ഐ.കൾ പ്രവർത്തിക്കുന്നുണ്ട്. പൊന്നാനിയിൽ ധാരാളം സ്ഥലമുള്ളിടത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഐടിഐ. വളരെ നാശോന്മുഖമായ അവസ്ഥയിലാണ്. തൊഴിൽ വകുപ്പും പട്ടികജാതി വകുപ്പുമായി കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് ഇത്തരം സ്ഥാപനങ്ങളെക്കൂടി ഉദ്ധരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, തൊഴിൽ വകുപ്പും പട്ടികജാതി വകുപ്പുംകൂടി യോജിച്ചുകൊണ്ട് അതിനെക്കുറിച്ച് ചർച്ച നടത്തിയിട്ടുണ്ട്. പട്ടികജാതി വകുപ്പിന് കീഴിലുള്ള ഈ ഐ.ടി.ഐ.കൾ ധാരാളം സ്ഥലമുള്ള വയാണ്. മാത്രമല്ല ആവശ്യത്തിനുള്ള ഫണ്ട് എസ്.സി. ഡിപ്പാർട്ടുമെന്റിന്റെ കൈവശമുണ്ട്. ഇത് എങ്ങനെ പ്രയോജനപ്പെടുത്താമെന്നതിനെക്കുറിച്ച് ഞങ്ങൾ കൂട്ടായി ഒരാലോചന നടത്തുകയുണ്ടായി. ജോയിന്റ് മാനേജ്മെന്റിലേക്ക് പോകുമ്പോൾ ചില തടസ്സങ്ങൾ സ്വാഭാവികമായും ഉയർന്നുവരും. അത് എങ്ങനെ തരണം ചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ചാണ് ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുന്നത്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, എസ്.സി. ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ശ്രീ. പി. ശ്രീരാമകൃഷ്ണൻ സൂചിപ്പിച്ചതുപോലെ ഏതാണ്ട് 44 ഐ.ടി.ഐ.-കൾ നിലവിലുണ്ട്. പക്ഷെ ഇവിടെ സൂചിപ്പിച്ചതുപോലെ അത് മുന്നോട്ടുകൊണ്ടുപോകുന്ന കാര്യത്തിലും പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യത്തിലുമൊക്കെ ന്യൂജനറേഷൻ കോഴ്സുകൾ വേണമെന്നുള്ള ആവശ്യം പലഭാഗത്തുനിന്നും വന്നിട്ടുണ്ട്. അദ്ദേഹം സൂചിപ്പിച്ചതുപോലെ അത് സംബന്ധിച്ച് തൊഴിൽ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിക്കഴിഞ്ഞു. എത്രയും പെട്ടെന്ന് ഇത്തരം സെന്ററുകൾ സ്ട്രെങ്തൻ ചെയ്യുന്നതിനുവേണ്ടി ശ്രമിക്കുന്നതാണ്.

മി. സ്പീക്കർ: ചോദ്യം നമ്പർ *632

**പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങളുടെ ഉന്നമനം**

2 (*632) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. എ. കെ. ബാലൻ:
ശ്രീ. ബി. സത്യൻ:
ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രഖ്യാപിക്കുന്ന പദ്ധതികളുടെ വിശദാംശം അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly